(ഡി) പുതിയ ഭരണസമിതി അംഗങ്ങളുടെ കാര്യത്തിൽ കോടതി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(ഇ) ഗവൺമെന്റ് നാമനിർദ്ദേശം ചെയ്ത ഏതെങ്കിലും അംഗം ഉത്തരവാദിത്വം ഏറ്റെടുക്കാൻ വിസമ്മതിക്കുകയുണ്ടായോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗുരുവായൂർ ദേവസ്വം മുൻ മാനേജിംഗ് കമ്മിറ്റിക്ക് എതിരെയാണ് വിജിലൻസ് അന്വേഷണത്തിന് സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളത്. അന്വേഷണം നടന്നുവരുന്നു. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) മുൻ ഭരണസമിതി അംഗങ്ങളിൽ നാലുപേരെ സർക്കാർ വീണ്ടും നാമനിർദ്ദേശം ചെയ്തിരുന്നു. ഇവർ സത്യവാചകം ചൊല്ലി ചുമതലയേൽക്കുന്നത് കോടതി 'സ്റ്റേ' ചെയ്യുകയുണ്ടായി.

(സി) 1. ശ്രീ. ശങ്കുണ്ണിരാജ - ജീവനക്കാരുടെ പ്രതിനിധി.

2. ശ്രീ. എം. വേണുഗോപാലക്കുറുപ്പ്.

3. ശ്രീ. കുളത്തൂർ കുഞ്ഞുകൃഷ്ണപിള്ള.

4. അഡ്വ. എൻ. വിജയൻ.

5. ശ്രീ. എ. ജനാർദ്ദനൻ.

(ഡി) ഇപ്പോൾ നാമനിർദ്ദേശം ചെയ്ത അംഗങ്ങളുടെ കാലാവധി മുൻമാനേജിംഗ് കമ്മിറ്റിയുടെ കാലാവധി അവസാനിക്കുന്ന ദിവസമായ 3-7-2000 വരെ ആയിരിക്കുമെന്ന് കോടതി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഇ) ഇല്ല. ഗവൺമെന്റ് നാമനിർദ്ദേശം ചെയ്ത എല്ലാവരും ചാർജ്ജ് എടുത്തിട്ടുണ്ട്.

ദേവസ്വംബോർഡ് ക്ഷേത്രങ്ങളിൽ നിലനിന്നിരുന്ന കാരായ്മ അവകാശം

125 (1180) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ നിലനിന്നിരുന്ന കാരായ്മ അവകാശം ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പെൻഷൻ ഒഴിവിൽ അവകാശികളെ നിയമിക്കുന്നത് കഴിഞ്ഞ മൂന്നുവർഷങ്ങളായി എന്തുകൊണ്ട് നിർത്തിവച്ചിരിക്കുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) കാരായ്മ ജീവനക്കാർക്ക് ക്ഷേത്രങ്ങളിലെ മറ്റ് കണ്ടിജൻസി ജീവനക്കാർക്കുള്ള ഡി.എ. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എന്തുകൊണ്ട് നൽകുന്നില്ല എന്ന കാര്യം സർക്കാർ അന്വേഷിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോൾ ഈ വിഭാഗം ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യം നൽകുന്നുണ്ട് ;

(ഇ) മറ്റു കണ്ടിജൻസി ജീവനക്കാർക്കുള്ള എല്ലാ ആനുകൂല്യങ്ങളും കാരായ്മ ജീവനക്കാർക്കും നൽകാൻ തിരുവിതാംകൂർ ദേവസ്വംബോർഡിന് സർക്കാർ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ-ഇ) കാരായ്മ അവകാശമുള്ള ലാവണങ്ങളിലെ നിയമനവും അവരുടെ സേവന വേതന വ്യവസ്ഥകളും സംബന്ധിച്ച് ബഹു. ഹൈക്കോടതിയിലെ ഒ.പി.2916/95, ഒ.പി. 6784/96 എന്നീ കേസ്സുകളിൽ ഒരു വിധി ഉണ്ടായിട്ടുണ്ട്. ബന്ധപ്പെട്ട നിയമങ്ങളുടേയും പ്രൊക്ലമേഷനുകളുടേയും വെളിച്ചത്തിൽ ബാധിക്കപ്പെടുന്നവർക്ക് നോട്ടീസ് നൽകി അവരെ കേട്ടതിനുശേഷം, ഒരു തീരുമാനമെടുക്കാനാണ് കോടതി ഉത്തരവായിരിക്കുന്നത്. അതനുസരിച്ച് ദേവസ്വംബോർഡ് നടപടികൾ എടുത്തുവരികയാണ്. ദേവസ്വംബോർഡ് ഇക്കാര്യം പരിശോധിച്ച് തീരുമാനം എടുക്കുന്നതുവരെ നിലവിലുള്ള കാരായ്മ സർവീസ് സംവിധാനം നിലനിർത്തുവാൻ കോടതി ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. കോടതിവിധി അനുസരിച്ച് ബോർഡ് നടപടി സ്വീകരിച്ചുവരുന്നതിനാൽ, ഇക്കാര്യത്തിൽ സർക്കാരിൽ നിന്നും നിർദ്ദേശമൊന്നും നൽകുവാൻ കഴിയുകയില്ല.

ശബരിമല തീർത്ഥാടകർക്ക് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ

126 (1181) ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിൽ കുടിവെള്ളം, ഭക്ഷണം, വൈദ്യസഹായം എന്നിവ തീർത്ഥാടകർക്ക് ലഭ്യമാക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കെ.എസ്.ആർ.ടി.സി. എത്ര സ്പെഷ്യൽ ബസ് സർവീസുകൾ നടത്തുന്നുണ്ട് ;

ഉത്തരം

(എ) ശുദ്ധജല വിതരണത്തിനായി നിലവിലുള്ള പൈപ്പ് ലൈനുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. കൂടാതെ സ്വാമി അയ്യപ്പൻ റോഡിലും അപ്പാച്ചിമേടിലും മരക്കൂട്ടത്തിനും ഇടയ്ക്ക് പുതിയ പൈപ്പുലൈനുകൾ സ്ഥാപിച്ച് ടാപ്പുകൾ ഘടിപ്പിച്ച് ശുദ്ധജലവിതരണം നടത്തുന്നുണ്ട്. ഇപ്പോൾ ക്ലോറിനേഷൻ നടത്തി അണുവിമുക്തമായ ജലമാണ് വിതരണം ചെയ്യുന്നത്. ഗുണമേന്മ പരിശോധിക്കാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഭക്തജനങ്ങൾക്കു മിതമായ നിരക്കിൽ ഭക്ഷണസാധനങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി ഭക്ഷണസാധനങ്ങളുടെ വില ജില്ലാ കളക്ടർ നിശ്ചയിക്കുകയും ഹോട്ടലുകളിൽ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വില വിവരപ്പട്ടിക അനുസരിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly